# ഓണം നമുക്കൊരാവശ്യമാണ്

എവിടെയോ വീണു നഷ്ടപ്പെട്ട ഒരു സ്വപ്നം. അതാണല്ലോ നമുക്കു തിരുവോണം. എങ്കിലും മനസ്സിന്റെ ഉള്ളറകളിൽ മുത്തുപോലെ സൂക്ഷിക്കുന്ന കുറേ ഓർമ്മകൾ. ആ ഓർമ്മ കളുടെ സൗരഭ്യവുമായി ഇതാ വീണ്ടുമൊരു തിരുവോണം.

ഓണം കേരളത്തിലിന്ന് ഒരു വില്പനച്ചരക്കാണ്. മറുനാടൻ മലയാളിയ്ക്കോ?

തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറാനുള്ള ഒരസാധാരണസന്ദേശമാണ് അവരെ സംബന്ധിച്ചിടത്തോളം ഓണം.

നമ്മുടെ എല്ലാ വിശേഷദിവസങ്ങൾക്കുമുണ്ട് മതത്തിന്റെ ഒരു പരിവേഷം. അതേറ്റവും കുറവുള്ളത് ഓണത്തിനാണ്. മറ്റൊരു വിശേഷദിവസത്തിനും കഴിയാത്ത നിലയിൽ മലയാളികളുടെ വിളവെടുപ്പുൽസവമായി ഓണം അംഗീകരി-ക്കപ്പെടുന്നതും അതുകൊണ്ടായിരിക്കണം.

നാഗരീകതയുടെ ഇന്ദ്രജാലങ്ങളുമൊത്ത് ജീവിക്കുന്നവരാണ് നമ്മുടെ കുട്ടികൾ. എങ്കിലും സ്വന്തം വേരുകൾ കണ്ടെത്താ നുള്ള താല്പര്യം അവരിലിന്ന് കൂടിക്കൂടി വരികയാണ്.
പക്ഷേ –
പക്ഷേ, നമ്മുടെ പാരമ്പര്യങ്ങളിൽ ചിലതൊക്കെ അവർക്കു ദഹിക്കുന്നവയല്ല. നമുക്കുതന്നെ ബോദ്ധ്യമല്ലാത്ത ആ ' കൊള്ളരുതായ്മക് ളെ പറ്റി നാമെങ്ങിനെ അവരെപ്പറഞ്ഞു മനസ്സിലാക്കാനാണ്?

ഓണത്തിനു പുറകിലുള്ള ഐതിഹ്യം എന്തുമായിക്കൊള്ളട്ടെ. ഓണം നല്കുന്ന സന്ദേശം മതേതരത്വവും, മനുഷ്യനെ മനുഷ്യനായിക്കാണാനും അംഗീകരിക്കാനുമുള്ള വിശാലദർശ നവുമാണ്.

തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് അഭിമാനപൂർവം കൈമാറുവാൻ നമുക്കുള്ള അമൂല്യമായ പാരമ്പര്യങ്ങളിൽ ഒന്നാണിത്.

ഓണവും, ഓണത്തിൻെറ സന്ദേശവും കൂടുതൽ പ്രാധാന്യം നേടുന്നത് ഈ പശ്ചാത്തലത്തിലാണ്.

മറുനാടൻ മലയാളിക്ക് ഓണം ഒരാവശ്യമാണ്.
ഗുരുവായൂരപ്പനു വേണ്ടിയല്ല,
മഹാബലിക്കും, വാമനൻമാർക്കും വേണ്ടിയല്ല,
നമുക്കും നമ്മുടെ കുട്ടികൾക്കും,
അവരുടെ വരും തലമുറകൾക്കും വേണ്ടി.

ഓണാശംസകൾ!



സെപ്ടംബർ 1989, സിംഗപ്പൂർ